TKM COLLEGE OF ARTS AND SCIENCE
KOLLAM—5

Volume I
2017

# News Archive 2017

## Annual Merit Day Inaugurated by Hon'ble Minister for Higher Education






# ടി.കെ.എം.കോളേജിൽ സാന്ത്വനം-2017

**കരിക്കോട്:** ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ യു.എ.ഇ. പൂർവവിദ്യാർഥികളുടെ സാന്ത്വനം-2017 വെള്ളിയാഴ്ച നടക്കും. ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ, ലൈബ്രറിയിലേക്ക് ബുക്കുകൾ തുടങ്ങി നിരവധി സാന്ത്വനപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടക്കും.

വൈകീട്ട് മൂന്നിന് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സമ്മേളനം ഉദ്ഘാടനം ചെയ്യും. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. എ.ഹാഷിമുദ്ദീൻ അധ്യക്ഷത വഹിക്കും. അന്താരാഷ്ട്ര പൂർവവിദ്യാർഥി സംഘടനാ പ്രസിഡൻറ് മുഹമ്മദ് ഫയസ് മുഖ്യപ്രഭാഷണം നടത്തും. ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ മുഖ്യാതിഥിയാവും. ഷാജി സിറാജുദ്ദീൻ എം.നൗഷാദ് എം.എൽ.എ.യും ചെക്ക് കൈമാറും. യു.എ.ഇ.യിലെ പൂർവവിദ്യാർഥി നേതാക്കളെ മന്ത്രി ആദരിക്കും.

*Mathrubhumi 18 August 2017*




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സംഘടിപ്പിച്ച പ്രഭാഷണ പരമ്പര പ്രിൻസിപ്പൽ പ്രഫ. എ. ഹാഷിമുദീൻ ഉദ്ഘാടനം ചെയ്യുന്നു.

## 'ഈസ്‌രിയ' പ്രഭാഷണ പരമ്പര

കൊല്ലം ● മുസ്‌ലിം സമൂഹത്തിൽ നിലനിൽക്കുന്ന സമകാലിക പ്രശ്നങ്ങളെ ആസ്പദമാക്കി നടത്തുന്ന 'ഈസ്‌രിയ' പ്രഭാഷണ പരമ്പരയുടെ ആദ്യ പ്രഭാഷണം ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഇസ്‌ലാമിക് ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു. പ്രിൻസിപ്പൽ ഹാഷിമുദീൻ ഉദ്ഘാടനം ചെയ്തു. പ്രഫ. അഷറഫ് കടയ്ക്കൽ ക്ലാസ് നയിച്ചു.

ഇസ്‌ലാമിക ചരിത്രവിഭാഗം മേധാവി പ്രഫ. എസ്. ഷാജില, ഡോ. ഫിറോസ് കെ. മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

**Malayala Manorama 5 November 2017**

## പുസ്തക മേള

കൊല്ലം ● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് ലൈബ്രറിയുടെ നേതൃത്വത്തിൽ ഡിസി ബുക്സിന്റെ പുസ്തക മേള 27നും 28നും കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. പ്രമുഖ പ്രസാധകരുടെ ശാസ്ത്ര-മാനവിക വിഷയങ്ങളിലെ പുസ്തകങ്ങൾ മേളയിൽ ഉണ്ടാകും. പെൻഗ്വിൻ- റാൻഡം ഹൗസ് തുടങ്ങിയ ഇംഗ്ലിഷ് പ്രസാധകരുടെ പുസ്തകവും ഉണ്ടാകും. വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം. 27നു 10നു പ്രിൻസിപ്പൽ ഐ. ഹാഷിമുദീൻ ഉദ്ഘാടനം ചെയ്യും.

**Malayala Manorama 25 November 2017**

***Madyamam 5 Sunday 2017***

## ടി.കെ.എം കോളജിൽ ലീഗൽ ഓറിയന്റേഷൻ ക്ലാസ്



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വനിത പരാതിപരിഹാര സെല്ലും കേന്ദ്ര വനിത കമീഷനും സംയുക്തമായി സംഘടിപ്പിച്ച ലീഗൽ ഓറിയന്റേഷൻ ക്ലാസിന്റെ സമാപനസമ്മേളനം സിറ്റി പൊലീസ് കമീഷണർ അജിതാ ബീഗം ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വനിത പരാതി പരിഹാര സെല്ലും കേന്ദ്രവനിത കമീഷനും സംയുക്തമായി വിദ്യാർഥികൾക്ക് ലീഗൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ഭരണഘടന, വനിതസംരക്ഷണ നിയമം, ഗാർഹികപീഡന നിരോധന നിയമം, സ്ത്രീധന നിരോധന നിയമം, പോക്സോ നിയമം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ് നടത്തി. പ്രിൻസിപ്പൽ പ്രഫ. എ. ഹാഷിമുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജില്ല സബ് ജഡ്ജിയും ഡിസ്ട്രിക്റ്റ് ലീഗൽ സർവിസ് അതോറിറ്റി സെക്രട്ടറിയുമായ ജസ്റ്റിസ് ആർ. സുധാകാന്ത് ക്ലാസുകൾ നയിച്ചു. സമാപനസമ്മേളന ഉദ്ഘാടനം സിറ്റി പൊലീസ് കമീഷണർ അജിതാബീഗം നിർവഹിച്ചു. നിയമസാക്ഷരത ക്ലാസിൽ പങ്കെടുത്ത വിദ്യാർഥികൾക്ക് നടത്തിയ പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ ഏഴ് വിദ്യാർഥികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും അജിതാബീഗം വിതരണം ചെയ്തു. ജസ്റ്റിസ് സുധാകാന്ത്, വനിത സെൽ കൺവീനർ പ്രഫ. എസ്. ഷാജിത എന്നിവർ സംസാരിച്ചു.

## ടി.കെ.എം കോളേജിൽ ലീഗൽ ഓറിയന്റേഷൻ ക്ലാസ്



ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ നടന്ന ലീഗൽ ഓറിയന്റേഷൻ സമാപന ക്ലാസിന്റെ ഉദ്ഘാടനം സിറ്റി പൊലീസ് കമ്മിഷണർ അജിതാ ബീഗം നിർവഹിക്കുന്നു

കൊല്ലം: ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസ് വുമൺസ് ഗ്രീവൻസ് റിഡ്രസൽ സെല്ലും കേന്ദ്ര വനിതാ കമ്മിഷനും സംയുക്തമായി വിദ്യാർത്ഥികൾക്ക് ലീഗൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ഭരണഘടനാ നിയമം, വനിതാ സംരക്ഷണ നിയമം, ഗാർഹിക പീഡന നിരോധന നിയമം, സ്ത്രീധന നിരോധന നിയമം, പോക്സോ നിയമം എന്നിവ ആസ്പദമാക്കി ക്ലാസ് നടന്നു.

പ്രിൻസിപ്പൽ പ്രൊഫ. എ. ഹാഷിമുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സബ് ജഡ്ജ് ജസ്റ്റിസ് ആർ. സുധാകാന്തിന്റെ നേതൃത്വത്തിലായിരുന്നു ക്ലാസുകൾ. സമാപന ദിവസത്തെ ക്ലാസ് സിറ്റി പൊലീസ് കമ്മിഷണർ അജിതാ ബീഗം ഉദ്ഘാടനം ചെയ്തു. ക്ലാസിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് നടത്തിയ പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയവർക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. എ. ഹാഷിമുദ്ദീൻ, ജസ്റ്റിസ് സുധാകാന്ത്, വനിതാ ഗ്രീവൻസ് റിഡ്രസൽ സെൽ കൺവീനർ പ്രൊഫ. എസ്. ഷാജിത എന്നിവർ പ്രസംഗിച്ചു.

**Kerala Koumudhi 5 November 2017**

# ടി.കെ.എം കോളേജിൽ ദേശീയ സെമിനാർ

കൊല്ലം: ടി. കെ. എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ 14ന് 'ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരവും പുത്തൻ സമീപനവും' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തും. രാവിലെ 10ന് കോളേജ് ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ സെമിനാർ ഉദ്ഘാടനം ചെയ്യും.

എം.ജി സർവകലാശാലാ മുൻ വൈസ് ചാൻസിലറും കേരള ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനുമായ രാജൻ ഗുരുക്കൾ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് നാക് അക്രെഡിറ്റേഷന്റെ പുതിയ മാനദണ്ഡങ്ങളെ കുറിച്ച് കേരള സർവകലാശാലാ മാനവ വിഭവ വികസന സെന്റർ ഡയറക്ടർ എസ്.വി. സുധീരനും 17ന് അദ്ധ്യാപക-വിദ്യാർത്ഥി-രക്ഷകർത്തൃ കൂട്ടായ്മയും അദ്ധ്യാപക നിലവാരവും മാറുന്ന കാഴ്ചപ്പാടിൽ എന്ന വിഷയത്തിൽ മാനേജ്മെന്റ് വിദഗ്ദ്ധനും കൺസൾട്ടന്റ് അദ്ധ്യാപകനുമായ ഉണ്ണികൃഷ്ണ കർത്തയും പ്രഭാഷണം നടത്തും.

**Kerala Koumudhi 13 November 2017**



ടി.കെ.എം ആർട്സ് കോളേജിൽ ഡോ. മധു വാസുദേവ് പ്രഭാഷണം നടത്തുന്നു

# ടി.കെ.എം. ആർട്സ് കോളേജിൽ പ്രഭാഷണം

കൊല്ലം: ടി.കെ.എം ആർട്സ് കോളേജ് പോസ്റ്റ് ഗ്രാജ്വേറ്റ് ആൻഡ് റിസർച്ച് ഡിപ്പാർട്ടുമെന്റ് ഓഫ് ഇംഗ്ലീഷിന്റെയും സാഹിത്യ ക്ലബിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ഓറേറ്ററിയ ലക്ചർ സീരീസിന്റെ ഭാഗമായി ഗാനരചയിതാവും സംഗീത നിരൂപകനുമായ ഡോ. മധു വാസുദേവ് പ്രഭാഷണം നടത്തി.

പ്രഭാഷണ പരമ്പര കോളേജ് പ്രിൻസിപ്പൽ പ്രൊഫ. എ. ഹാഷിമുദ്ദീൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. നജ്മ, ഡോ. സുമിത്ര, പ്രൊഫ. ഷെറിൻ അസ്ലം തുടങ്ങിയവർ സംസാരിച്ചു.

**Kerala Koumudhi 25 November 2017**



ശുചിത്വ മിഷൻ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഒന്നാം സ്ഥാനം ലഭിച്ച ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിനുള്ള സമ്മാനം മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ പ്രിൻസിപ്പൽ പ്രൊഫ. എ. ഹാഷിമുദ്ദീന് നൽകുന്നു

## ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിന് ഒന്നാം സ്ഥാനം

കൊല്ലം: സ്വച്ഛത ഹി സേവായുടെ ഭാഗമായി കൊല്ലം ശുചിത്വമിഷൻ സംഘടിപ്പിച്ച ശുചീകരണപ്രവർത്തനങ്ങൾക്ക് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിന് ഒന്നാം സ്ഥാനം ലഭിച്ചു. പ്രിൻസിപ്പൽ പ്രൊഫ. എ. ഹാഷിമുദ്ദീൻ മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മയിൽ നിന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സമ്മാനം ഏറ്റുവാങ്ങി.

**Kerala Koumudhi 2 November 2017**

## ടി.കെ.എമ്മിൽ ക്വാണ്ടം തിയറിയെപ്പറ്റി ശിൽപശാല

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഇന്ത്യൻ അക്കാദമി ഓഫ് സയൻസുമായി സഹകരിച്ച് ഫിസിക്സ് ഡിപ്പാർട്ട്മെൻറ് സംഘടിപ്പിച്ച ക്വാണ്ടം തിയറിയെപ്പറ്റിയുള്ള ത്രിദിന ശിൽപശാല കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ പ്രഫ. എ. ഹാഷിമുദ്ദീൻ അധ്യക്ഷത വഹിച്ചു. പ്രഫ. എം.വി.എൻ. മൂർത്തിയെയും പ്രഫ. എച്ച്.എസ്. മണിയെയും ഷഹാൽ ഹസൻ മുസ്‌ലിയാർ ആദരിച്ചു.

ഫിസിക്സ് വകുപ്പ് മേധാവി പ്രഫ. എൻ.കെ. സജ്ന സ്വാഗതവും പ്രോഗ്രാം കോഓഡിനേറ്റർ ഡോ. മുഹമ്മദ് സലിം നന്ദിയും പറഞ്ഞു.

**Madyamam 17 March 2017**

## പ്രിൻസിപ്പൽസ് കൗൺസിൽ വാർഷിക യോഗം ഇന്ന്

കൊല്ലം > കേരള പ്രിൻസിപ്പൽസ് കൗൺസിൽ വാർഷിക യോഗവും സെമിനാറും ശനിയാഴ്ച രാവിലെ പത്തിന് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മന്ത്രി ജെ മേഴ്സിക്കുട്ടിഅമ്മ ഉദ്ഘാടനം ചെയ്യും.

**Deshabhimani, 25 November 2017**

## ഡിസി ബുക്സ് പുസ്തക മേള

കൊല്ലം > ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി ടികെഎം ആർട്സ് ആൻഡ് സയൻസ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഡിസി ബുക്സിന്റെ പുസ്തകമേള കോളേജ് പ്രിൻസിപ്പൽ പ്രൊഫ. എ ഹാഷിമുദീൻ ഉദ്ഘാടനം ചെയ്തു. ശാസ്ത്ര-മാനസിക വിഷയങ്ങളിലെ ഏറ്റവും പുതിയ പുസ്തകങ്ങളും ഡിസി ബുക്സ്, കറന്റ്ബുക്സ്, പെൻഗ്വിൻ റാൻഡം ഹൗസ് പ്രസാധകരുടെ പുസ്തകങ്ങളും മേളയിൽ ഒരുക്കിയിട്ടുണ്ട്.




▶ ടികെഎം ആർട്സ് ആൻഡ് സയൻസ് ലൈബ്രറിയുടെ ഡിസി ബുക്സ് പുസ്തകമേള പ്രൊഫ. എ ഹാഷിമുദീൻ ഉദ്ഘാടനം ചെയ്യുന്നു

**Deshabhimani 28 November 2017**

# ടി.കെ.എം കോളജ് സുവർണ ജൂബിലി അലുമ്നി അവാർഡ്

കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോളജ് സുവർണ ജൂബിലി ആഘോഷഭാഗമായി 1966 മുതൽ 2016 വരെ പഠിച്ച പ്രഗല്ഭരായ 50 പേരെ അവാർഡ് നൽകി ആദരിക്കും.

കേന്ദ്ര-സംസ്ഥാന സർവിസ്, കലാ-സാംസ്കാരിക-സാഹിത്യ മേഖല, രാഷ്ട്രീയ, വ്യാപാര-വ്യവസായ മേഖല, വിദ്യാഭ്യാസമേഖല, സാമൂഹികസേവനം തുടങ്ങി വിവിധ മേഖലകളിൽ ഉന്നതപദവി നേടി വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അലുമ്നി അംഗങ്ങളെയാണ് ആദരിക്കുക.

പൂർവ വിദ്യാർഥികളിൽ വിവിധ മേഖലകളിൽ വിജയം കൈവരിച്ച വ്യക്തികളെ കുറിച്ചുള്ള വിശദവിവരം amsheref94@gmail.com/anwartkm76@gmail.com വിലാസത്തിലോ 9447074508, 9495177747 നമ്പറിലോ നൽകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

**Madyamam 17 December 2017**

## ടി.കെ.എം ആർട്സ് കോളേജ് സുവർണ ജൂബിലി അലുമ്നി അവാർഡ്

കൊല്ലം: കരിക്കോട് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 1965 മുതൽ 2016 വരെയുള്ള ബാച്ചുകളിലെ പ്രഗത്ഭരായ 50 അലുമ്നി അസോസിയേഷൻ അംഗങ്ങളെ ആദരിക്കുന്നു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഈ കാലയളവിലെ വിദ്യാർത്ഥികൾ [illegible] നേട്ടങ്ങളെക്കുറിച്ചുള്ള വിശദവിവരം സഹിതം amsheree94@gmail.com/ anwartkm76@gmail.com എന്ന വിലാസങ്ങളിൽ അപേക്ഷ നൽകണം. ഫോൺ: 9447074508, 9495177747.

**Kerala Koumudy 18 December 2017**

## റിസർച്ച് കൺസൾട്ടൻസി സർവിസ് ഉദ്ഘാടനം

കൊല്ലം: ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിൽ കേന്ദ്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ പൂർത്തിയായ റിസർച്ച് കൺസൾട്ടൻസി സർവിസ് മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ് തിങ്കളാഴ്ച രാവിലെ 10ന് കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, ലാബുകൾ, ഗവേഷണ വിദ്യാർഥികൾ എന്നിവർക്ക് അത്യാധുനിക ഉപകരണങ്ങളുടെ സഹായത്താൽ സൂക്ഷ്മമായ പരിശോധനകൾ പോലും നടത്തി ഫലം അറിയിക്കാനുള്ള സൗകര്യം ഇതോടെ കോളജിൽ ലഭ്യമാകും. കഴിഞ്ഞ അധ്യയനവർഷം സർവകലാശാല തലത്തിൽ റാങ്കുകളും ഉയർന്ന മാർക്കും കരസ്ഥമാക്കിയ ഉദ്ഘാടനച്ചടങ്ങിൽ വിദ്യാർഥികളെ ആദരിക്കും. കോളജിന്റെ അലുമ്നി ഗൾഫ് ചാപ്റ്റർ ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെ ആദ്യ ഗഡു 11 വിദ്യാർഥികൾക്ക് വിതരണം ചെയ്യും. ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസ്ലിയാരുടെ അധ്യക്ഷത വഹിക്കും.

**Madyamam 10 December 2017**